# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1115 | | 12.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| നഗരങ്ങളെ മാലിന്യ മുക്തമാക്കുന്ന പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>1) ഉറവിട മാലിന്യ സംസ്കരണം<br>2) പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണവും<br>3) വിവര വിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീവികസനവും<br>4) ദ്രവ മാലിന്യ സംസ്കരണം<br>5) പ്രീമൺസൂൺ ക്ളീനിംഗ് ആക്റ്റിവിറ്റി<br>6) പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സുകൾ<br>7) പുന:ചംക്രമണത്തിന് പ്രോത്സാഹനവും പ്രകൃതി സൗഹൃദ വസ്തു നിർമ്മാണ യൂണിറ്റുകൾക്ക് പ്രോൽസാഹനവും<br>8) സ്കൂൾ, റസിഡന്റ് വെൽഫെയർ അസോസിയേഷൻ, ഇതര സ്ഥാപനങ്ങൾക്ക് അവാർഡുകൾ.<br>9) മാലിന്യ പരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവർക്കുള്ള പിന്തുണ.<br>10) എക്സ്റ്റൻഡഡ് പ്രോഡ്യൂസർ ഉത്തരവാദിത്വ പ്രോൽസാഹനം |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വൃത്തിയുള്ള വീടും പരിസരവും, വൃത്തിയുള്ള നിരത്തുകൾ, വൃത്തിയുള്ള പൊതുസ്ഥലങ്ങൾ, ആരോഗ്യമുള്ള സമൂഹം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ശുചിത്വമിഷന്റെ പ്ലാനിൽ ഉൾപ്പെട്ട പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രോജക്ട് തയ്യാറാക്കി നൽകുന്ന നഗരസഭകൾക്ക് പ്രോജക്ട് പരിശോധിച്ച് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന നൽകി വരുന്നു. ടി. പദ്ധതികളുടെ നിർവ്വഹണം നഗരസഭാ തലത്തിൽ നടത്തി വരുന്നു. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ/ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ |

| | | | |
|---|---|---|---|
| | | | ആധുനികവൽക്കരണം, അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയ്ക്കായി പ്രോജക്ട് തുകയുടെ 100% സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ മുഖേന വിതരണം ചെയ്തു വരുന്നു. ഉറവിടമാലിന്യ സംസ്കരണത്തിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹികതല ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% സാമ്പത്തിക സഹായവും (സർക്കാർ സാമ്പത്തിക സഹായം 50% (പരമാവധി 5000 രൂപ)+ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം: സർക്കാർ വിഹിതത്തിന്റെ 50%) കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്ക് 90% സാമ്പത്തിക സഹായവും (സർക്കാർ വിഹിതം 75% + തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 15%) വിതരണം ചെയ്തു വരുന്നു. ടി പദ്ധതികളുടെ മോണിറ്ററിംഗ് സർക്കാർ തലത്തിൽ നടത്തി വരുന്നു. പ്രീമൺസൂൺ കാമ്പയിൻ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നഗരസഭാ വാർഡുകൾക്ക് 10,000/- രൂപ വീതവും, കോർപ്പറേഷൻ വാർഡുകൾക്ക് 20,000/- രൂപ വീതവും ശുചിത്വ മിഷൻ മുഖേന നൽകി വരുന്നു. വിവിധ മാധ്യമങ്ങളിലൂടെ വിവരവിജ്ഞാന പ്രവർത്തനങ്ങളും വിവിധ പങ്കാളികളുടെ ശേഷീവികസന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ